A | **602**

സർവ ശിക്ഷാ അഭിയാൻ

പാദവാർഷിക മൂല്യനിർണയം 2017–18

മലയാളം

കേരളപാഠാവലി | **സമയം –2 മണിക്കൂർ**

സ്റ്റാന്റേർഡ്–6

നിർദേശങ്ങൾ

1. മൂല്യ നിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കേണ്ടതാണ്.
2. ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് ഉത്തരമെഴുതണം.

പ്രവർത്തനം. 1 ജീവചരിത്രക്കുറിപ്പ്

നിങ്ങളുടെ വിദ്യാലയത്തിൽ സംഘടിപ്പിക്കുന്ന 'കവിപരിചയം' എന്ന പരിപാടിയിൽ നിങ്ങൾ പരിചയപ്പെടുത്തേണ്ടത് മഹാകവി വള്ളത്തോൾ നാരായണമേനോനെയാണ്. അദ്ദേഹത്തെക്കുറിച്ചുള്ള ചില വിവരങ്ങൾ ചുവടെ ചേർക്കുന്നു. നിങ്ങൾക്ക് അറിയാവുന്ന മറ്റു കാര്യങ്ങൾ കൂടി കൂട്ടിച്ചേർത്ത് ഒരു കുറിപ്പ് തയാറാക്കുക.

എ).

- 1878 ഒക്ടോബർ 16 ന് മലപ്പുറം ജില്ലയിലെ മംഗലം ഗ്രാമത്തിൽ ജനിച്ചു.
- മലയാളത്തിന്റെ ദേശീയ കവി
- കേരളകലാമണ്ഡലം സ്ഥാപിച്ചു.
- ചിത്രയോഗം, ബധിര വിലാപം, ശിഷ്യനും മകനും,.....
- പത്മഭൂഷൻ ബഹുമതി ലഭിച്ചിട്ടുണ്ട്.

ബി). 'പാലഞ്ചും പുഞ്ചിരി' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്

- പാലുപോലുള്ള പുഞ്ചിരി
- പാലിനെ തോല്പിക്കുന്ന പുഞ്ചിരി
- പാലും പുഞ്ചിരിയും

പ്രവർത്തനം. 2 – താരതമ്യക്കുറിപ്പ്

പാട്ടിന്റെ പാലാഴി

- "എന്റെകൂടെ പോരു നീ, എങ്ങും പോകണ്ടാ"
- കുഞ്ഞു മുഹമ്മദിക്കയുടെ രണ്ട് അനിയൻമാരടക്കം ഞങ്ങൾ എട്ടുപത്തു കുട്ടികൾ ഉണ്ടായിരുന്നു.
- ഇവരെ വളർത്തിയെടുക്കൽ തന്റെ നിയോഗമായി കരുതി അവരെ പ്രോത്സാഹിപ്പിച്ചു.

ഓടയിൽ നിന്ന്

- ഇങ്ങനെ ഒരു സംഭവം ആദ്യത്തെയാണ്. പെൺകുട്ടിയോടുള്ള സഹതാപം മാത്രമല്ല റിക്ഷാക്കാരൻ എന്ന നിലയിൽ അയാൾക്കുള്ള സൽപ്പേരിന് കളങ്കം തട്ടിയല്ലോ എന്നുള്ള കുണ്ഠിതം കൂടിയുണ്ട്.
- "അരി പോയതങ്ങു പോട്ടെ . കുഞ്ഞു കരയാതെ. ഞാൻ മേടിച്ചു തരാം, അരി"
- ഒരു പീടികയിൽ നിന്നും പപ്പു ആറു പഴം വാങ്ങി അവളുടെ കൈയിൽ കൊടുത്തു.

കുഞ്ഞുമുഹമ്മദിക്കയുടേയും പപ്പുവിന്റേയും സ്വഭാവ സവിശേഷതകൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

പ്രവർത്തനം. 3

വിശകലനക്കുറിപ്പ്

'മയന്റെ മായാജാലം' എന്ന തുള്ളൽക്കവിത പരിചയപ്പെട്ടല്ലോ. കുഞ്ചൻ നമ്പ്യാരുടെ മറ്റൊരു രചന നോക്കൂ.

പച്ചക്കദളിക്കുലകൾക്കിടയ്ക്കിടെ
മെച്ചത്തിൽ നന്നായ് പഴുത്ത പഴങ്ങളും
ഉച്ചത്തിലങ്ങനെ കണ്ടാൽ പവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ചു കോർത്തുള്ള
മാലകൾ കൊണ്ടു വിതാനിച്ച ദിക്കെന്ന്
മലോകരൊക്കെയും ശങ്കിക്കുമാറുള്ള
ലീലാവിലാസേന നിൽക്കുന്നു വാഴകൾ
നാലുഭാഗങ്ങളിൽ തിങ്ങി വിങ്ങിത്തദാ....

കൺമുന്നിൽ കാണുന്നതുപോലെ വർണിക്കാൻ നമ്പ്യാരുടെ കഴിവ് എടുത്തു പറയേണ്ടതാണ്. രണ്ടു കവിതകളും വിശകലനം ചെയ്ത് പാഠഭാഗത്തിലെ സന്ദർഭങ്ങളും ചേർത്തു കുറിപ്പ് തയാറാക്കുക.

പ്രവർത്തനം. 4 വർണന

തിരക്കേറിയ നഗരത്തിലൂടെ നിങ്ങൾ സഞ്ചരിച്ചിട്ടുണ്ടാവുമല്ലോ.... ഓടയിൽ നിന്നിലെ പപ്പു റിക്ഷ വലിച്ചു കൊണ്ടോടിയതും പെൺകുട്ടിയെ തട്ടിയിട്ടതുമൊക്കെ നമുക്കറിയാം. ആ സമയത്തെ തിരക്ക് ഒന്ന് ഭാവനയിൽ കണ്ടു നോക്കൂ..... വാഹനങ്ങൾ,........... ആളുകൾ....... ആ കാഴ്ച വർണിച്ചെഴുതു.

പ്രവർത്തനം. 5 – ആസ്വാദനക്കുറിപ്പ്

'ഒരു ചിത്രം' എന്ന വള്ളത്തോൾക്കവിത പഠിച്ചല്ലോ.....

മറ്റൊരു വള്ളത്തോൾക്കവിത നോക്കൂ....

" രാവിലിരുട്ടത്തു രീരീരി രീരീരി
ചീവീട് മൂളുന്നതെന്തിനമ്മേ....?
പാരാതെ നീ മിഴി പൂട്ടിയുറങ്ങുവാൻ
താരാട്ടു പാടുകയാണു കുഞ്ഞേ....
പച്ചിലച്ചില്ലയിൽ കാലത്തുമന്തിക്കും
പക്ഷികൾ പാടുന്നതെന്തിനമ്മേ...?
ഉല്ലാസമായ് നീയുണർന്നു പുറത്തേക്കു
ചെല്ലാൻ വിളിക്കുകയാണു കുഞ്ഞേ..."

അമ്മയും കുഞ്ഞും തമ്മിലുള്ള സംഭാഷണം, പ്രകൃതിഭംഗി, നിങ്ങളെ ആകർഷിച്ച മറ്റുകാര്യങ്ങൾ എന്നിവ ചേർത്ത് ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കുക.

പ്രവർത്തനം 6 – അഭിപ്രായക്കുറിപ്പ്

"പ്രാണസഖി, ഞാൻ വെറുമൊരു
പാമരനാം പാട്ടുകാരൻ
ഗാനലോക വീഥികളിൽ
വേണുവൂതുമാട്ടിടയൻ..... ബാബുരാജ് ഈണം നൽകിയ ഗാനമാണല്ലോ ഇത്. ഇതുപോലെയുള്ള പഴയകാല സിനിമഗാനങ്ങളുടെ വരികൾ, സംഗീതം, ആലാപനം, എന്നിവ ക്ലാസുകളിൽ ചർച്ച ചെയ്തതാണല്ലോ. പുതിയകാലത്തെ സിനിമാഗാനങ്ങളെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്? ഒരു കുറിപ്പ് തയാറാക്കൂ.